മരിച്ച പല സംഭവങ്ങളും ഉണ്ടായി. കുതിരാനിൽ തുരങ്കം പണി ഇതുവരെ ആരംഭിച്ചിട്ടില്ല. ആവശ്യമായ മുഴുവൻ സ്ഥലവും 2012-ൽ ഏറ്റെടുത്തതാണ്. കഴിഞ്ഞവർഷം 19.50 കോടി രൂപ ചെലവിട്ട് ടാർ ചെയ്ത റോഡ് പൊട്ടിപ്പൊളിഞ്ഞ് നിറയെ കുഴികളായിരിക്കുകയാണ്. ഇപ്പോൾ കുഴികൾ അടയ്ക്കാൻ നടപടി സ്വീകരിച്ചുവെങ്കിലും ശാശ്വതമായ ഒരു പരിഹാരം ഉണ്ടാകുന്നില്ല. കേരളത്തിൽ 60 മീറ്റർ വീതിയിൽ റോഡിന് സ്ഥലം വിട്ടുകൊടുത്ത ഒരേയൊരു പ്രദേശമാണ് അവിടം. പ്രശ്നത്തിന്റെ ഗൗരവം കണക്കിലെടുത്ത് റോഡുപണി ഉടൻ ആരംഭിക്കണമെന്നും ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ ഉറപ്പ് ലഭിക്കണമെന്നുമാണ് ഞാൻ ആവശ്യപ്പെടുന്നത്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, എൻ.എച്ച്. 47-ൽ മണ്ണുത്തി മുതൽ വടക്കുംചേരി വരെയുള്ള ഭാഗം ആറുവരിപ്പാതയായി വികസിപ്പിക്കുന്നതിന് തൃശ്ശൂർ എക്സ്പ്രസ്സ് വേ ലിമിറ്റഡ് എന്ന കൺസഷണയർ കമ്പനിയെ 24-08-2009-ൽ ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ പദ്ധതി ബാധിതരുടെ പലവിധ എതിർപ്പുകൾ കാരണം പ്രവൃത്തി മുന്നോട്ടുപോയില്ല. തുടർന്ന് പ്രോജക്ട് തുടങ്ങുന്നതിനുള്ള സമയം 15-9-2012 ആയും പൂർത്തിയാക്കുന്നതിനുള്ള സമയം 14-3-2015 ആയും പുനർനിശ്ചയിക്കുകയുണ്ടായി. സാമ്പത്തിക ബുദ്ധിമുട്ടുകൾ കാരണം 15-9-2012 -ൽ കൺസ്ട്രക്ഷൻ കമ്പനിക്ക് പ്രവൃത്തി തുടങ്ങാൻ കഴിഞ്ഞില്ല. 7-10-2014 -ൽ പണി ആരംഭിച്ച് നല്ല രീതിയിൽ പുരോഗമിക്കുന്നതായി ദേശീയ പാതാ അതോറിറ്റി അറിയിച്ചിട്ടുണ്ട്. 2017 മാർച്ചോടുകൂടി പണി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. നിലവിലുള്ള റോഡിന്റെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് ദേശീയപാതാ അതോറിറ്റി 1.04 കോടി രൂപയും പൊതുമരാമത്ത് വകുപ്പ് 19.19 കോടി രൂപയും ചെലവാക്കി അറ്റകുറ്റപ്പണികൾ നടത്തി ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്. കഴിഞ്ഞ മഴക്കാലത്ത് പോട്ട്ഹോൾസ് ഉണ്ടായ ഭാഗങ്ങളിൽ കൺസഷണയർ കമ്പനി അറ്റകുറ്റപ്പണികൾ ചെയ്യുന്നതാണ്. 6 വരിപ്പാത പൂർത്തിയാക്കുന്നതുവരെ നിലവിലുള്ള റോഡിന്റെ അറ്റകുറ്റപ്പണികൾ കൺസ്ട്രക്ഷൻ കമ്പനിതന്നെ ചെയ്യുന്നതാണ്. അതിന് അവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## (32) കോമളം-അഗസ്തിക്കോട്-വടമൺ-ഏറം-റോഡിന്റെ ശോച്യാവസ്ഥ

ശ്രീ. കെ.രാജു: സർ, എന്റെ മണ്ഡലത്തിലെ കോമളം-അഗസ്തിക്കോട്-വടമൺ-ഏറം-റോഡിലെ ഒരു കലുങ്ക് കഴിഞ്ഞ മഴയത്ത് ഒലിച്ചുപോയി. അതുകാരണം അവിടെ വാഹനഗതാഗതം നിരോധിച്ചിരിക്കുകയാണ്. പി.ഡബ്ല്യു.ഡി. "പാലം അപകടത്തിൽ" എന്ന ഒരു ബോർഡ് വയ്ക്കുകമാത്രമേ അവിടെ ചെയ്തിട്ടുള്ളൂ. ആ കലുങ്ക് പുതുക്കിപ്പണിയുന്നതിന് 15 ലക്ഷം രൂപ അനുവദിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്): സർ, പുനലൂർ മണ്ഡലത്തിലെ കോമളം-അഗസ്തിക്കോട്-വടമൺ-ഏറം പി.ഡബ്ല്യു.ഡി. റോഡിന്റെ ഏറം ഭാഗത്ത് സ്കൂളിനടുത്തുള്ള കലുങ്ക് പുനർ നിർമ്മിക്കുന്നതിന് 10 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

## (33) സി. ആർ.എഫ്. റോഡുകൾ

ശ്രീ. വർക്കല കഹാർ: സർ, പാപനാശവും ശിവഗിരിയുമായി ബന്ധിപ്പിക്കുന്ന പാരിപ്പള്ളി-വർക്കല റോഡ് നാഷണൽ ഹൈവേയിലുള്ള പ്രധാനപ്പെട്ട റോഡാണ്. മാത്രമല്ല, തീരദേശവുമായി ബന്ധപ്പെടുത്തുന്ന റോഡും കൂടിയാണിത്. 10 വർഷത്തിനുമുൻപ് സി. ആർ.എഫ്.ലെ 10 കോടി രൂപ ഉപയോഗിച്ച് ചെയ്തതാണ്. ഇന്ന് ആ റോഡ് ജീർണ്ണത ബാധിച്ചു. ഇത് പൂർണ്ണമായും പുനർനിർമ്മിക്കണമെങ്കിൽ 25 കോടി രൂപ വേണം, ഇപ്പോൾ അതിന്റെ ആവശ്യമില്ല. റീ-സർഫസിംഗ് നടത്തിയാൽ മതിയാകും. അതിന് രണ്ടോ മൂന്നോ കോടിരൂപ ആവശ്യമായിവരും. ഇത്തരത്തിലുള്ള സി.ആർ.എഫ്. റോഡുകൾ അടിയന്തരമായി പുനർനിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, സെൻട്രൽ റോഡ് ഫണ്ടുപയോഗിച്ച് നിർമ്മിക്കുന്ന റോഡുകൾക്ക് റീ-സർഫസിംഗ് നടത്തുന്നതിനുള്ള പ്രൊവിഷനില്ല. പക്ഷേ, അദ്ദേഹം സൂചിപ്പിച്ചതുപോലെ ആ റോഡ് തകർന്നുപോയാൽ വീണ്ടും നിർമ്മിക്കാൻ കൂടുതൽ തുക ആവശ്യമുള്ളതുകൊണ്ട് സംസ്ഥാന ഗവൺമെന്റ് തന്നെ റീ-സർഫസിംഗ് ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## (34) കൊല്ലാട്ട്- ഇട്ടി അച്ചുതൻ വൈദ്യർക്ക് സ്മാരകം

ശ്രീ. പി. തിലോത്തമൻ: സർ, ലോകപ്രശസ്ത ആയുർവേദ പണ്ഡിതനും ഹോർത്തൂസ് മലബാറിക്കസ് എന്ന വിഖ്യാതഗ്രന്ഥരചനയിൽ മുഖ്യപങ്കുവഹിച്ച ഇട്ടി അച്ചുതൻ വൈദ്യരുടെ ജന്മഗൃഹമായ കടക്കരപ്പള്ളിയിലെ കര്യാലയിലെ ഔഷധ സസ്യക്കാവും സംരക്ഷിത സ്മാരകമായി ഗവൺമെന്റ് പ്രഖ്യാപിച്ചിട്ട് നാളേറെയായി. ഇതുവരെ ആ സ്മാരക നിർമ്മാണത്തിനുള്ള യാതൊരു നടപടിയും ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. അദ്ദേഹത്തിന്റെ പിൻതുടർച്ചക്കാരിയായിട്ടുള്ള ഉമയമ്മ എന്ന സ്ത്രീ ഇന്ന് വലിയ സാമ്പത്തിക ബാധ്യതയിൽ ബാങ്കിന്റെ ജപ്തി നടപടി നേരിടുന്ന അവസ്ഥയിലാണ്. ആ കര്യാലയും ഔഷധസസ്യക്കാവും ഉൾപ്പെടെ സംരക്ഷിതമേഖലയായി പ്രഖ്യാപിച്ചുവെങ്കിലും അത് സർക്കാർ ഏറ്റെടുത്ത് അവിടെ സ്മാരകം നിർമ്മിക്കാനുള്ള നടപടികൾ ഇനിയും ഉണ്ടായിട്ടില്ല.



LIBRARY ARCHIVES Kerala Legislative Assembly